(c) There is no need to obtain and file any declaration form in respect of the articles exempted generally, either under the Sales-tax Law or under the Central Sales-tax Act in a State if they are sold in or from that State.

(d) If an article is exempted from State Sales-tax generally, in a State, no Sales-tax is payable on the sales of that articles from that State in the course of inter-state trade or commerce even if the sale is to an unregistered dealer in another state.

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : റാട്ടകൊട്ടകൊണ്ടു പിരിക്കുന്ന കയർയാണം അതിലേക്കു വാങ്ങുന്ന ഫൈബ്രേഴ്സും സെയിൽ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പൊതുവെ സെയിൽ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടില്ല. എന്നാൽ, ഈ സ്റ്റേറിൽത്തന്നെ ഈ mats, mattings മുതലായവ ഉൽപ്പാദിപ്പിക്കുന്നതിനു ഉപയോഗിക്കുന്നതാണെങ്കിൽ സെയിൽ ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അല്ലാത്തപക്ഷം ഒഴിവാക്കിയിട്ടില്ല.

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വികസനം.

* 1392. [17] †ശ്രീ. കെ. അവുക്കാദർകുട്ടി നഹ: താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് വികസിപ്പിക്കുവാൻ 1959-60-ലേയ്ക്ക് കോഴിക്കോട് ഡിസ്ട്രിക്ടിനു് എത്ര രൂപ നീക്കിവച്ചിട്ടുണ്ട് ;

(ബി) ഇതു് ഏതെല്ലാം വിധത്തിൽ ചെലവഴിക്കാനാണു് തീരുമാനിച്ചിട്ടുള്ളതു് ;

(സി) ഈ ആവശ്യാർത്ഥം 1958-59-ൽ എത്ര രൂപ കോഴിക്കോട് ഡിസ്ട്രിക്ടിനു് അനുവദിച്ചിരുന്നു ;

(ഡി) ഇതിൽ എത്ര രൂപ ചെലവഴിച്ചു ; ഏതു വിധത്തിൽ ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. പി. ഗോപാലൻ) :

(എ) 1959-60-ലേയ്ക്ക് 5,66,778 രൂപ നീക്കി വച്ചിട്ടുണ്ട്.

(ബി) വിവരങ്ങൾ കാണിക്കുന്ന ‡ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

(സി) 1958-59-ൽ 3,28,092 രൂപ അനുവദിച്ചിരുന്നു.

(ഡി) ഈ തുകയിൽ 5,02,890 രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഏതു വിധത്തിൽ ചെലവഴിച്ചു എന്നു കാണിക്കുന്ന ‡ പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

വർഗ്ഗീയസംഘടനകളുടെ പ്രവർത്തനം

* 1393. [19] ശ്രീ. ആർ ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ഇ. എം. എസ്സേ നേതാവേ നിന്നെപ്പിന്നെ കണ്ടോളാം ; എം-നെ തട്ടും ; മുണ്ടശ്ശേരിയെ തട്ടും ; സെക്രട്ടറിയേറ്റിൽ പടക്കുതിരയെ കെട്ടും" തുടങ്ങിയ പരസ്യപ്രസ്താവനകളും പ്രതിജ്ഞകളും നടത്തുകയും

† As the member was absent the guestion was put by Shri Moideenkutty Haji, with the permission of the Chair.

‡ Please see Appendix I.

LIBRARY ARCHIVES Kerala Legislative Assembly

മരിക്കാൻ യുവാക്കളും, വൃദ്ധന്മാരും തമ്മിൽ മത്സരിക്കുകയും, അടുത്ത ജൂൺമാസത്തിൽ വിദ്യാഭ്യാസപ്രവർത്തനങ്ങൾ തകർക്കുമെന്നു് പ്രസ്താവിക്കുകയും ചെയ്തുകൊണ്ടു് ഈ മേയ് 3-ാംതീയതി കോട്ടയം പട്ടണത്തിൽവച്ചു് ചില വർഗ്ഗീയ സംഘടനകളുടെ നേതാക്കളും അനുയായികളും കാട്ടിക്കൂട്ടിയ പ്രവർത്തനം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഗവണ്മെൻറു് ഇത്തരം സംഘങ്ങളെ നിയന്ത്രിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എന്തു നടപടികളെന്നു വ്യക്തമാക്കുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ) ചില പത്രറിപ്പോർട്ടുകളിൽ കാണുകയുണ്ടായി.

(ബി) നടപടിയൊന്നും ഇതുവരെ ഗവണ്മെൻറു് സ്വീകരിച്ചിട്ടില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : എം-നെ തട്ടും, മുണ്ടശ്ശേരിയെ തട്ടും എന്നെല്ലാം പറയുന്നതു് അവരെ ലിക്വിഡേറ്റ് ചെയ്യുമെന്നുള്ള അർത്ഥത്തിലാണു്. അങ്ങനെയുള്ള മുദ്രാവാക്യം വിളിക്കുന്നതിനെ തടയുവാൻ വേണ്ട നടപടികളും ഗവണ്മെൻറു് എടുക്കേണ്ടതല്ലേ ?

Mr. Speaker : That is a matter of opinion.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കൊല്ലും എന്ന അർത്ഥത്തിലാണു് ഈ മുദ്രാവാക്യങ്ങളും പ്രയോഗിച്ചിരിക്കുന്നതു് എന്നു് ഗവണ്മെൻറു് മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : ആ അർത്ഥത്തിലായിരിക്കാം.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ആ അർത്ഥത്തിലാണെങ്കിൽ ഇത്തരത്തിലുള്ള മുദ്രാവാക്യങ്ങളും വിളിക്കാതിരിക്കുവാനുള്ള ആവശ്യമായ നടപടികളും കൈക്കൊള്ളുന്നതാണെന്നു ഗവണ്മെൻറു് കരുതുന്നുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അതിന്മേൽ എന്തെങ്കിലും ഒരു നടപടി എടുക്കാൻ ഒക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഇവിടത്തെ രാഷ്ട്രീയകക്ഷികളെ എല്ലാവരേയും വിളിച്ചു വരുത്തി ഇങ്ങനെയുള്ള മുദ്രാവാക്യങ്ങളും വിളിക്കാതിരിക്കുവാൻ വേണ്ട ആലോചനകളും നടത്തുവാൻ ഗവണ്മെൻറു് തയാറാകുമോ ?

ശ്രീ. സി. അച്യുതമേനോൻ : അതു് ഗവണ്മെൻറുമാത്രം വിചാരിച്ചാൽ നടക്കുമെന്നു തോന്നുന്നില്ല, മുദ്രാവാക്യങ്ങളും വിളിക്കുന്ന ആളുകളും അങ്ങനെ വിചാരിക്കണം. ഇപ്രകാരമുള്ള മുദ്രാവാക്യങ്ങളും വിളിക്കുന്നതു് തെറ്റാണു്, അതു് സദാചാരവിരുദ്ധമാണു്, അതു് ഒരു ഉത്തമപൗരനു് ഉണ്ടായിരിക്കേണ്ട ധാർമ്മികബോധത്തിനു് എതിരാണു് എന്നു ചിന്ത അവർക്കും ഇവിടത്തെ എല്ലാ രാഷ്ട്രീയപാർട്ടികൾക്കും, പൊതുജനപ്രതിനിധികൾക്കും ഉണ്ടായെങ്കിൽ മാത്രമേ അത്തരം കൂടിയാലോചനകൾകൊണ്ടു് ഫലമുണ്ടാകൂ.

ശ്രീ കെ. കെ. വിശ്വനാഥൻ : പത്രങ്ങളിൽ കാണുകയുണ്ടായി എന്നു് മന്ത്രി പറഞ്ഞുവല്ലോ. ഏതെല്ലാം പത്രങ്ങളിലാണു് ഇപ്രകാരമുള്ള മുദ്രാവാക്യങ്ങളും വിളിച്ചതായി റിപ്പോർട്ടുകൾ കണ്ടതു് ?

ശ്രീ. സി. അച്യുതമേനോൻ : ഏതെല്ലാം പത്രങ്ങളിലാണെന്നു് ഇപ്പോൾ എനിക്കു് ഓർമ്മയില്ല.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : ഗവണ്മെൻറു് കക്ഷികളും ഏതു കക്ഷികളെ ഇങ്ങനെയുള്ള മുദ്രാവാക്യങ്ങളും വിളിച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. അച്യുതമേനോൻ : ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ശ്രീ. പി. എം. കുഞ്ഞുരാമൻ നമ്പ്യാർ : 'ടി. വി. നാടു ഭരിക്കുമ്പോൾ പട്ടം പല്ലു പറിച്ചിട്ടും' എന്നു് കമ്മ്യൂണിസ്റ്റുകാരുടെ മുദ്രാവാക്യങ്ങൾ വിളിച്ചിട്ടുള്ളതായി അറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ : അതിനെപ്പറ്റി ഗവണ്മെൻറിനു് അറിവൊന്നും ഇല്ല.

ശ്രീ. പി. ടി. ചാക്കോ : ഈ ചോദ്യത്തിൽ എം—നെ തട്ടും, മുണ്ടശ്ശേരിയെ തട്ടും എന്ന മുദ്രാവാക്യത്തെപ്പറ്റിയാണു് പരാമർശിക്കുന്നതു്. അങ്ങനെയുള്ള മുദ്രാവാക്യങ്ങൾ വിളിച്ചതായി ഗവണ്മെൻറിനു് വല്ല റിപ്പോർട്ടുകളും കിട്ടിയിട്ടുണ്ടോ ; പത്രത്തിൽ കണ്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : പത്രത്തിൽ കണ്ടിട്ടുണ്ടു്. അല്ലാതെയും ഗവണ്മെൻറിനു് അറിയാൻ വഴികളുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : മുണ്ടശ്ശേരിയെ തട്ടുമെന്നും മറ്റും മുദ്രാവാക്യങ്ങൾ വിളിച്ചിട്ടുള്ളതായി മന്ത്രി നേരിട്ടു പത്രത്തിൽ കണ്ടിട്ടുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : അങ്ങനെ ഞാൻ വായിച്ചതായി ഓർമ്മയുണ്ടു്.

ശ്രീ. പി. ടി. ചാക്കോ : ഏതു പത്രത്തിലാണു് അങ്ങനെ കണ്ടതു് ?

ശ്രീ. സി. അച്യുതമേനോൻ : അതേപ്പറ്റി എനിക്കു് ഓർമ്മയില്ലെന്നു ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എം. നാരായണക്കുറുപ്പു് : അത്യക്ഷേപാർഹമായ ഇത്തരം മുദ്രാവാക്യങ്ങൾ വിളിക്കുന്നതിനുള്ള നേതൃത്വം ആരാണു് നൽകിയതെന്നും, ഇതിന്റെ റിമോട്ട് കൺട്രോൾ ആരാണെന്നും മറ്റും ഗവേഷണം നടത്തി കണ്ടുപിടിക്കുവാൻ ഗവണ്മെൻറു് തയ്യാറാകുമോ ?

ശ്രീ. സി. അച്യുതമേനോൻ : ഇതേപ്പറ്റി ഒരു ഗവേഷണം നടത്തേണ്ട കാര്യമൊന്നുമില്ല.

ശ്രീ. ആർ. സുശീലൻ : കഴിഞ്ഞയാഴ്ചയിൽ മന്നത്തു പദ്മനാഭന്റെ നേതൃത്വത്തിൽ കൊല്ലത്തുവച്ചുകൂടിയ സമ്മേളനത്തിൽ 'സി. പി.—യെ വെട്ടിയ നാടാണെ, കരുതി നടന്നോ നമ്പൂരി,' എന്നു് മുദ്രാവാക്യം വിളിച്ചതായി പത്രത്തിൽ കണ്ടു എന്ന വിവരം ഞാൻ ഗവണ്മെൻറിനെ അറിയിക്കുന്നു.

ശ്രീ. പി. ടി. ചാക്കോ : സെക്രട്ടറിയേറ്റിൽ പടക്കുതിരയെ കെട്ടും, എന്നും ചോദ്യത്തിൽ കാണുന്നുണ്ടു്. സെക്രട്ടറിയേറ്റു് ഇടിച്ചുപൊളിച്ചു് അതിനു താഴെ ചൊറിയണം നടണമെന്നു വിളിച്ചു പറഞ്ഞയാളുകൾക്കു് പടക്കുതിരയെ സെക്രട്ടറിയേറ്റിൽ പിടിച്ചുകെട്ടും എന്നു പറയുന്നതു് കുറ്റകരമാണെന്നു തോന്നാൻ അവകാശമുണ്ടോ ?

ശ്രീ. സി. അച്യുതമേനോൻ : കുറ്റകരമാണെന്നു് ആരും പറയുന്നില്ല.

റെയർ എർത്തു കമ്പനി.

* 1394. [20] ശ്രീ. കെ. എം. ജാഫ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവായിലെ റെയർ എർത്തു കമ്പനി അടുത്ത കാലത്തു് അടച്ചുപൂട്ടുകയുണ്ടായോ ;

(ബി) എന്തുകൊണ്ടാണു് ഈ കമ്പനി അടച്ചുപൂട്ടേണ്ടിവന്നതു് ;

LIBRARY ARCHIVES Kerala Legislative Assembly